# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4414      25.10.2016 - ൽ മറുപടിയ്ക്ക്

### കയർ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ

| ചോദ്യം<br>ശ്രീ.വി. ജോയി<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കാരാട്ട് റസാഖ് | ഉത്തരം<br><br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ വ്യവസായ മേഖലയിൽ വൈവിധ്യവത്ക്കരണത്തിലൂടെ ഉൽപാദന ക്ഷമതയും ഗുണമേന്മയും വർദ്ധിപ്പിച്ച് ആഭ്യന്തര, വിദേശ വിപണനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) കയറിന്റെ ക്രയവില സ്ഥിരതാ ഫണ്ട് 17 കോടി രൂപയിൽ നിന്നും 100 കോടി ആയി ഉയർത്തിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ സംഭരിച്ച് എക്സ്പോർട്ടർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. കയർഫെഡും വിദേശ വിപണിയിൽ കയർ നൽ കുന്നുണ്ട്. ആഭ്യന്തര വിദേശ വിപണി ക ണ്ടെത്തുന്നതിനായി ദേശീയ അന്തർദേശീയ വിപണന മേ ള കളിൽ പങ്കെടുക്കുകയും കൂടാതെ കയർ കേരള പോലെയുള്ള മേളകൾ സംഘടിപ്പിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വ രികയും ചെയ്യുന്നു. പ്രൈമറി സഹകരണ സംഘങ്ങളും ഉത്പ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനായി മുൻ വർഷത്തെ വിറ്റുവരവിന്റെ 10% ഉത്പ്പാദന വിപണന പ്രചോദനമായി നൽകുന്നു. മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ് പദ്ധതി പ്രകാരം മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾക്കും കയർഫെഡിനും, കയർ കോർപ്പറേഷനും, ഫോമില്ലിനും കഴിഞ്ഞ 3 വർഷത്തെ പൊതു വിപണിയിലുള്ള വിറ്റുവരവിന്റെ ശരാശരിയുടെ 10% തുക വിപണി വികസന ധനസഹായമായി നൽകി വരുന്നു. |
| ബി)കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്ര മേളയായ 'കയർ കേരള', ബയർ സെല്ലർ മീറ്റുകൾ എന്നിവ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി)കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്താരാഷ്ട്ര മേളയായ **കയർകേരള ബയർ സെല്ലർ മീറ്റുകൾ** എന്നിവ 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിൽ നടത്തിയിട്ടുണ്ട്. |
| സി) കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി 'കേരള കയർ ഫെയർ' വിപണന മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മേളകൾ മൂലമുണ്ടായ പ്രയോജനങ്ങൾ വെളിപ്പെടുത്തുമോ; | സി)കയറിന്റെ ആഭ്യന്തര വിപണനം ശക്തിപ്പെടുത്തുന്നതിനായി **കേരള കയർ ഫെയർ** വിപണന മേളകൾ 2013, 2014, 2015 വർഷങ്ങളിൽ സംഘടിപ്പിക്കുക യുണ്ടായി. ഇതുമൂലം കയർഫെഡ്, കയർ കോർപ്പറേഷൻ, വിവിധ മാറ്റ്സ് & മാറ്റിംഗ്സ് കയർ സംഘങ്ങൾ തുടങ്ങി അനേകം സ്ഥാപനങ്ങളുടെ കയറുൽപ്പന്നങ്ങൾ |

| | |
|---|---|
| | വിറ്റഴിക്കുവാൻ സാധിച്ചു. |
| ഡി) കയർ വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി)പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ പുതുതായി തൊഴിൽ തേടി എത്തുന്നവർ വിരളമായിരിക്കുന്നു. മറ്റു മേഖലകളിലെ തൊഴിൽ സാദ്ധ്യതയും വേതന വർദ്ധനവും ഇതിനു കാരണമാണ്. ആഭ്യന്തര ഉപഭോഗത്തിൽ കയറിനും കയർ ഉൽപ്പന്നങ്ങൾക്കുമുണ്ടായ കുറവ് വിപണിയെ ബാധിച്ചിട്ടുണ്ട്. സിന്തറ്റിക്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ആധിക്യം ഇതിനുകാരണമാണ്. പരമ്പരാഗത രീതിയിൽ തൊണ്ടഴുക്കി ചകിരി ഉൽപ്പാദിപ്പിച്ച് കൈ കൊണ്ട് കയർ പിരിക്കുന്നതിലെ കാലതാമസവും ശാരീരികമായ ബുദ്ധിമുട്ടുകളും പുതിയ തലമുറയെ ഇതിൽ നിന്നും പിൻതിരിപ്പിക്കുകയും യന്ത്രവൽക്കരണത്തിന്റെ ആവശ്യകതയ്ക്ക് ആക്കം കൂട്ടുകയും ചെയ്തിട്ടുണ്ട്. കയർ സംരംഭകർ കേരളത്തെ അപേക്ഷിച്ച് ഉൽപ്പാദനച്ചെലവ് കുറഞ്ഞ തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളിൽ തങ്ങളുടെ വ്യവസായത്തിന്റെ സിംഹഭാഗവും മാറ്റി സ്ഥാപിക്കുകയാണ്. കയർ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ചകിരിയുടെ ദൗർലഭ്യമാണ്. നാളികേര ഉൽപ്പാദനത്തിലുണ്ടായ ഇടിവ് തൊണ്ടുസംഭരണത്തേയും അതുവഴി ചകിരി ഉൽപ്പാദനത്തേയും പ്രതികൂലമായി ബാധിച്ചു. തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിൽ നാളികേര ഉൽപ്പാദനത്തിനുണ്ടായ വർദ്ധനവ് അവിടങ്ങളിൽ തൊണ്ടുസംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വ്യവസായ സ്ഥാപനങ്ങൾ തഴച്ചു വളരുവാൻ ഇടയാക്കിയിട്ടുണ്ട്. കയർ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ